പത്രക്കുറിപ്പ്
12-12-2018

## വൈറ്റില മൊബിലിറ്റി ഹബ്ബിലും കുടുംബശ്രീയുടെ തിളക്കം

# എല്ലാ വിധ ഫീസ് കളക്ഷനും ഇനി കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റിന്

തിരുവനന്തപുരം: എറണാകുളം വൈറ്റില മൊബിലിറ്റി ഹബ്ബിലെ എല്ലാ വിധ ഫീസ് കളക്ഷനും കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റിന്. ഇതു പ്രകാരം പാർക്കിങ്ങ്, ബസ് എൻട്രി, ടോയ്ലറ്റ് തുടങ്ങിയവയുടെ ഫീസ് കളക്ഷൻ ഇനി മുതൽ കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റ് വഴിയാകും. നിലവിൽ ഹബ്ബിലെ ഹൗസ് കീപ്പിങ്ങ്, സെക്യൂരിറ്റി സർവീസ് എന്നിവയുടെ ചുമതല കുടുംബശ്രീക്കാണ്. ഫീസ് കളക്ഷനുള്ള അവസരം കൂടി ലഭിച്ചതോടെ മൊബിലിറ്റി ഹബ്ബിലെ മുഴുവൻ പ്രവർത്തനങ്ങളുടെയും ചുമതല കുടുംബശ്രീക്ക് കൈവന്നിരിക്കുകയാണ്. മൊബിലിറ്റി മാനേജ്മെന്റ് ഡയറക്ടർ ആർ.ഗരിജ കുടുംബശ്രീ എറണാകുളം ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടി.പി ഗീവർഗീസ് എന്നിവർ ഇതു സംബന്ധിച്ച കരാർ ഒപ്പു വച്ചു.

ഓപ്പൺ ടെൻഡർ വഴിയാണ് കുടുംബശ്രീക്ക് കരാർ ലഭിച്ചത്. രണ്ടു വർഷമാണ് കാലാവധി. ഫീസ് കളക്ഷനു വേണ്ടി എട്ടു സ്ത്രീകളും രണ്ട് പുരുഷൻമാരുമടങ്ങിയ ടീമിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എട്ടു മണിക്കൂർ വീതം രണ്ടു ഷിഫ്റ്റുകളിലായാണ് ഇവരുടെ പ്രവർത്തനം. ഇവർക്ക് ശമ്പളത്തോടൊപ്പം ഇ.എസ്.ഐ, പി.എഫ് ആനുകൂല്യങ്ങളും ലഭിക്കും.

കൊച്ചി മെട്രോയിലെ വിവിധ വിഭാഗങ്ങളിൽ കുടുംബശ്രീ വനിതകൾ കാഴ്ച വച്ച പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം മൊബിലിറ്റി ഹബ്ബിലെ സെക്യൂരിറ്റി സർവീസ്, ഹൗസ്കീപ്പിങ്ങ് എന്നിവയ്ക്കായി ഇവരുടെ സേവനം ഉപയോഗപ്പെടുത്താൻ അധികൃതർ തീരുമാനിച്ചത്. തുടർന്ന് ഇതിനായി കുടുംബശ്രീ എറണാകുളം ജില്ലാമിഷൻ സമർപ്പിച്ച പ്രൊപ്പോസൽ വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി അംഗീകരിക്കുകയായിരുന്നു. ഇതു കൂടാതെയാണ് ഇപ്പോൾ ഓപ്പൺ ടെൻഡർ വഴി ഫീസ് കളക്ഷനുള്ള അവസരം കൂടി കുടുംബശ്രീ ഫെസിലിറ്റി മാനേജ്മെന്റിനു ലഭിച്ചത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ